(ഇ) ചില കോടതികളിൽ ഗവൺമെന്റ് പ്ലീഡർ/പബ്ലിക് പ്രോസിക്യൂട്ടർമാരുടെ കുറവുണ്ട്.

(എഫ്) സർക്കാരിന്റെ പരിഗണനയിലാണ്.

(ജി&എച്ച്) എല്ലാ ജുഡീഷ്യൽ ഓഫീസർമാർക്കും ക്വാർട്ടേഴ്സ് നൽകിയിട്ടില്ല. ഇതിനാവശ്യമായ നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഐ) ഫർണീച്ചർ, ടെലിഫോൺ എന്നിവയില്ലാത്ത കോടതികൾക്ക് അവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സർവ്വീസിൽ നിന്നും മറ്റ് സർവ്വീസിലേക്ക് പോയവരുടെ പുനർനിയമനം

37 (3596) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു വകുപ്പുകളിൽ നിന്നും നിയമ വകുപ്പിലേക്ക് ലീഗൽ അസിസ്റ്റന്റായി നിയമനം ലഭിച്ചശേഷം മറ്റു വകുപ്പുകളിലേക്ക് പോകുന്ന ഉദ്യോഗസ്ഥന്റെ ലീൻ ഏതു വകുപ്പിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമവകുപ്പിൽനിന്നും മറ്റു വകുപ്പുകളിലേക്ക് പോയി വർഷങ്ങൾക്കു ശേഷം നിയമവകുപ്പിലേക്ക് മടങ്ങി വരാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥരെ നിയമ വകുപ്പിൽ പൂർവ്വകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകി നിയമിക്കാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒരു തസ്തികയിൽ 'ലീൻ' നിലനിൽക്കുന്നത് ആ തസ്തികയിൽ 'കൺഫർമേഷൻ' കിട്ടുന്നതിന്റെ അടിസ്ഥാനത്തിലാണ്. അതനുസരിച്ച് അതാതു വകുപ്പുകളാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

(ബി) വ്യക്തമായ വ്യവസ്ഥയില്ല.

മലബാറിൽ ഹൈക്കോടതിയുടെ ബഞ്ച് സ്ഥാപിക്കുന്നതിന് നടപടി

38 (3597) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഭാഗത്ത് കേരള ഹൈക്കോടതിയുടെ ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർഗോഡ് മുതൽ മലപ്പുറം വരെയുള്ള ജനങ്ങൾക്ക് എറണാകുളം വരെ വന്ന് ഹൈക്കോടതിയിൽ കേസ് നടത്താൻ ഉള്ള ബുദ്ധിമുട്ടുകളും സാമ്പത്തിക നഷ്ടവും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ;

(സി) കേസ്സുകൾ വേഗം തീർപ്പാക്കാനും മേൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഹൈക്കോടതി ബഞ്ച് കോഴിക്കോട് സ്ഥാപിക്കാനും ഉള്ള നടപടി ഏതു ഘട്ടംവരെയെത്തി എന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly